


# സിൽസിലത്തുൽ അഹാദീ സിസ്സ്വഹീഹഃ

**നാസ്വിറുദ്ദീൻ** അൽബാനിയുടെ പ്രധാനകൃതികളിലൊന്നാണ് സിൽസിലത്തുൽ അഹാദീസിസ്സ്വഹീഹ. പ്രമാണയോഗ്യമായ ഹദീസുകൾ തെരഞ്ഞെടുത്ത് വിഷയാധിഷ്ഠിതമായി ക്രോഡീകരിച്ചതാണ് ആറുവാള്യങ്ങളുള്ള ഈ ഗ്രന്ഥം. ഒരു വിഷയത്തെക്കുറിച്ചുള്ള ശരിയായ ഹദീസുദ്ധരിക്കുകയും അതിനെ ശക്തിപ്പെടുത്തുന്ന മറ്റു ഹദീസുകൾ അനുബന്ധമായി ചേർക്കുകയുമാണ് ഈ ഗ്രന്ഥത്തിൽ അൽബാനി ചെയ്തിട്ടുള്ളത്. ഹദീസിന്റെ ബലാബലം പരിശോധിക്കുകയും വിവിധ ഹദീസ് പണ്ഡിതന്മാർ പറഞ്ഞ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ ഹദീസും ആരാണ് നിവേദനം ചെയ്തതെന്നും ഏതൊക്കെ ഹദീസ് ഗ്രന്ഥങ്ങളിൽ, ഏതെല്ലാം അധ്യായങ്ങളിലാണ് ഹദീസുള്ളതെന്നും ചേർത്തിട്ടുണ്ട്. അവ എത്രമാത്രം സ്വീകാര്യമാണെന്നും ചർച്ച ചെയ്യുന്നുണ്ട്. അതുപോലെ പരസ്പര ബന്ധിതമായ ഹദീസുകളുടെ ആശയങ്ങൾ വിശദീകരിക്കുകയും ഒരു വിഷയത്തിൽവന്നിട്ടുള്ള വൈരുധ്യമുണ്ടെന്ന് തോന്നിക്കുന്ന ഹദീസുകൾ സംയോജിപ്പിക്കുകയും(ജംഅ്) ചെയ്തിട്ടുണ്ട്.

6500 ഓളം ദുർബല ഹദീസുകൾ പ്രചരിച്ചിട്ടുണ്ടെന്ന് ഈ ഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പിന് എഴുതിയ ആമുഖത്തിൽ അൽബാനി പറഞ്ഞിട്ടുണ്ട്.